**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 322** **23-08-2022 - ൽ മറുപടിയ്ക്ക്**

**പാതയോരങ്ങളിലെ പൊതു ശുചിമുറികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊതു ശുചിമുറിയുടെ അഭാവം മൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ദേശീയ സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി 'ടേക്ക് എ ബ്രേക്ക്' എന്ന പേരിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും ദിവ്യാംഗർക്കും ഏതു സമയത്തും ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള ടോയ്‌ലറ്റ് കോംപ്ലക്സുകൾ (പൊതു ശുചിമുറികൾ) നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ 2 എണ്ണവും നഗരസഭകളിൽ 4 എണ്ണവും കോർപ്പറേഷനുകളിൽ 6 എണ്ണവും വീതം സംസ്ഥാനത്ത് ആകെ 2365 ടോയ്‌ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | 'ടേക് എ ബ്രേക്ക്' പദ്ധതി പ്രകാരം 622 ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തിയാക്കി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന പരിധികളിൽ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 637 ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുകയാണ്. 'ടേക്ക് എ ബ്രേക്ക്' ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ ലഭ്യത മനസ്സിലാക്കുന്നതിന് മൊബൈൽ ആപ്പ് ഉപയോഗിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി മുഖേന എത്ര പൊതു ശുചിമുറികൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് 2365 പൊതു ശുചിമുറികളാണ് 'ടേക് എ ബ്രേക്ക്' പദ്ധതി മുഖേന നിർമിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ വർഷം തന്നെ മുഴുവൻ പദ്ധതികളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ